# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1754** 01.11.2019 -ലെ മറുപടിയ്ക്ക്

## മതിയായ യോഗ്യതയില്ലാതെ പ്രവേശനം നൽകിയ നടപടി

ചോദ്യം

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. അനിൽ അക്കര

ഉത്തരം

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി )

| | | | |
|---|---|---|---|
| (എ) | മതിയായ യോഗ്യതയില്ലാതെ പാലക്കാട് വിക്ടോറിയ കോളേജിൽ സ്പോർട്സ് ക്വോട്ടയിൽ എം.എസ്.സി. ഫിസിക്സിന് പ്രവേശനം നേടിയ പവർ ലിഫ്റ്റിംഗ് താരം സന്തോഷിന്റെ പ്രവേശനത്തിന് കോഴിക്കോട് സർവ്വകലാശാല അക്കാഡമിക് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) | ഇല്ല; ശ്രീ. സന്തോഷ്. പി. ക്ക് സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നതിനുവേണ്ട കായികമികവ് ഉണ്ടെങ്കിൽമാത്രം അദ്ദേഹത്തിന് പ്രവേശനം നൽകിയത് മാനുഷികപരിഗണനയുടെ അടിസ്ഥാനത്തിൽ ക്രമവൽക്കരിച്ചു നൽകാൻ 05.10.2019 ലെ അക്കാദമിക് കൗൺസിൽ യോഗം തീരുമാനിച്ചിട്ടുണ്ട് |
| (ബി) | എം.എസ്.സി. ഫിസിക്സിന് ചേരുന്നതിനുള്ള അർഹത നേടണമെങ്കിൽ എത്ര ശതമാനം മിനിമം മാർക്ക് ആവശ്യമുണ്ട്; പ്രസ്തുത വിദ്യാർത്ഥിക്ക് എത്ര മാർക്കാണ് ഉണ്ടായിരുന്നത്; | (ബി) | ബി.എസ്.സി ഫിസിക്സിന് മിനിമം 50% മാർക്ക് ഉണ്ടെങ്കിൽ എം.എസ്.സി ഫിസിക്സ് കോഴ്സിന് പ്രവേശനം നേടാം. പ്രസ്തുത വിദ്യാർത്ഥിക്ക് 44% മാർക്ക് ആണ് ഉള്ളത്. |
| (സി) | ഉന്നതവിദ്യാഭ്യാസ വകുപ്പമന്ത്രിയുടെ പരാതി പരിഹാര അദാലത്തിൽ പ്രസ്തുത വിദ്യാർത്ഥി അപേക്ഷ നൽകിയിരുന്നോ; പ്രസ്തുത അദാലത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ വിദ്യാർത്ഥിയുടെ പ്രവേശനത്തിന് അംഗീകാരം നൽകിയത്; വ്യക്തമാക്കുമോ? | (സി) | നൽകിയിരുന്നു. അദാലത്തിൽ അപേക്ഷ അക്കാഡമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയാണുണ്ടായത് |

സെക്ഷൻ ഓഫീസർ.